
# എച്ച്.ജി.സി.എച്ച്.എസ്

## തോട്ടയ്ക്കാട്ടുകര



# ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ







## ലിറ്റിൽ കൈറ്റ് പറന്നുയരട്ടെ

മികവിന്റെയുംപുരോഗതിയുടെയുംപാതയി-ൽ വിജയകൊടി  പാറി കൂടുതൽ ഉയരത്തിലേക്ക് എത്തിയിരക്കുകയാണ്  ലിറ്റിൽ കൈറ്റസ് . ഇന്ന് നമ്മുടെ വിവരസാങ്കേതിക വിദ്യ , കുട്ടികളുടെ വളർച്ചയ്ക്കും വിദ്യാലയത്തിന്റെ ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന സംരംഭമാണ് ലിറ്റിൽ കൈറ്റ്.

കുട്ടികളെ ഐറ്റി ലോകത്തിലേക്ക് എത്തിക്കാൻ ഈ സംരംഭവളരെ സഹായകമാണ് . ഇതിന്റെ ഭാഗമായി എല്ലാ ഹൈസ്കൂൾക്ലാസ്സ്മുറികളും ഹൈടെക്ക് രീതിയിലേക്ക്
ഉയർത്താൻ നമ്മുടെ വിദ്യാലയത്തിനു സാധിച്ചു. ഈ സംരംഭം ഏറ്റവും

ഉയരത്തിലേക്ക് എത്തിയതിന്  ഏറ്റവും സഹായകമായത്  ലിറ്റിൽ കൈറ്റ്സിന് നേതൃത്വം കൊടുത്ത് പ്രവർത്തിക്കുന്ന ടീച്ചർമാർക്കും കൂടാതെ അവരോടൊപ്പം പ്രവർത്തിക്കുന്ന കുട്ടികളുമാണ് . ഇതിന് മുൻകൈയെടുത്ത്  പ്രവർത്തിച്ച അധ്യാപകരായ സീനടീച്ചറും സിനിടീചറുമാണ് .ഇതിന് വേണ്ടി പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും  എന്റെ എല്ലാ ആശംസകളും നേരുന്നു........

ഹെഡ്മിസ്ട്രസ്സ്.

# എഡിറ്റോറിയൽ ബോർഡ്

- ക്രുഷ്ണേന്ദു എം.എച്ച്
- അൽ-അസ്ന കെ.എം
- ഗ്രീഷ്മ ഹരി
- നഹന ഫാത്തിമ
- ഗ്രേസ് മറിയം ജോൺ
- അസ്ന ഹക്കീം
- അതുല്യ ബാബു
- വന്ദന സി.അനിൽ
- ഹെലൻ എൽദോസ്
- സുജിത സുന്ദരി

# എഡിറ്റോറിയൽ

കേരളത്തിന്റെവിദ്യാഭ്യാസചരിത്രത്തിലെ ഈടുറ്റ ചുവടുവയ്പ്പായിരുന്ന, അന്താരാഷ്ട്രനിലവാരത്തിലുള്ള പഠനവും പഠനസാഹചര്യങ്ങൾ ഒരുക്കലും അതിന്റെ ആദ്യപടിയായി ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി.

കാഴ്ചയനുഭത്തിലൂടെ , ശ്രവണാനുഭങ്ങൾ കൈക്കൊണ്ടു വിവരവിനിമയ സാങ്കതികവിദ്യ സ്കൂൾ തലത്തിൽ ചെലുത്തുന്ന ഈ സ്വാധീനം പുതിയൊരു സംരംഭത്തെപ്പറ്റി ചിന്തിക്കാൻ അധികാരികളെ പ്രേരിപ്പിച്ചു അതിന്റെ ഫലമാണ് ലിറ്റിൽകൈറ്റസ് എന്ന കൂട്ടിക്കൂട്ടായ്മ . ഇവർ വിവരവിനിമയ രംഗത്ത് സഞ്ചരിച്ച് അവ സ്വായത്തമാക്കി ഒരു

കുട്ടിക്കൂട്ടായ്മ മുന്നേറുന്നു.
ഹോളിഗോസ്റ്റ് സ്കൂളിലെ ലിറ്റിൽ
കൈറ്റ്സിന്റെ ഒരു സംരംഭമാണ് പ്രയാണം
എന്ന ഈ ഡിജിറ്റൽ മാഗസീൻ .

എന്ന മാഗസീൻ കുട്ടികളുടെ സർഗശേഷി
വികാസത്തിൽശ്രദ്ധയുന്നിയതാണ് . കുഞ്ഞു
സർഗ്ഗചേതനകളിൽ നിന്നുയരുന്ന വിവിധ
വ്യവഹാരങ്ങളെ ഡിജിറ്റലായി നമ്മുടെ
കൊച്ചു പട്ടങ്ങൾ . ഈ പ്രവർത്തനം
അഭിനന്ദനീയമാണ് .

എഡിറ്റർ:

കൃഷ്ണേന്ദു. എം.എച്ച്

# ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങളിലൂടെ

ഓരോവർഷവും വിടപറഞ്ഞുപോകുമ്പോഴും വ്യത്യസ്തവും ഗുണപ്രദവുമായ പദ്ധതികളാണ് നമ്മുടെ വിവരസാങ്കേതികവിദ്യ ആവിഷ്കരിക്കുന്നത്.2018-ലെ വിവരസാങ്കേതികവിദ്യയുടെ പുതിയ പദ്ധതികളായിരുന്നു ലിറ്റിൽ കൈറ്റ്സ്. ഈ പദ്ധതികളിലൂടെ ആദ്യ ഡിജിറ്റൽ സംസ്ഥാനം എന്ന അംഗീകാരവും നമ്മുടെ കേരളത്തിന് ലഭിക്കുകയുണ്ടായി. എല്ലാ മേഖലയിലുമുള്ള അടിസ്ഥാന വിദ്യാഭ്യാസമാണ് 1 മുതൽ 10 വരെ സർക്കാർ കുട്ടികൾക്ക് നൽകുന്നത്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെയാണെങ്കിലോ?കുട്ടികൾക്ക് പഠിക്കുന്ന കാര്യങ്ങൾ എളുപ്പത്തിൽഗ്രഹിക്കാനും അവ പൂർണ്ണമായും ഹൃദിസ്ഥമാക്കുവാനും സാധിക്കും. ഇതാണ് വിവരസാങ്കേതിക വിദ്യയുടെ ഹൈടെക്ക് എന്ന പദ്ധതിയുടെ ലക്ഷ്യം. ഇതിനോടൊപ്പം തന്നെ വിവരസാങ്കേതികവിദ്യ തുടക്കംക്കുറിച്ച മറ്റൊരു  പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് . വിവരസാങ്കേതിക വിദ്യയെ കൂടുതലായി കുട്ടികൾക്ക്  പരിജയപ്പെടുത്താനും അവരുടെ വ്യത്യസ്ഥ അഭിരുചികൾ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി വളർത്തിയെടുക്കുകയുമായിരുന്നു ഇതിന്റെ ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിലും ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം ആരംഭിച്ചു. 2018-ലെ 8-ാം ക്ലാസ്സ് വിദ്യർത്ഥികൾക്കായിരുന്നു ഇതിനുള്ള ആദ്യ അവസരം. ജൂൺ മാസം 6-ാം തിയതി ബുധനാഴ്ച്ച രാവിലെ

9.30 നോടെ 29
കുട്ടികളുമായി ഇതിന്റെ ആദ്യക്ലാസ്സ് രാജേഷ് സാറിന്റെ
സഹായത്തോടെ ആരംഭിക്കുകയുണ്ടായി.

എല്ലാ ബുധനാഴ്ച്ചയും വൈകുന്നേരങ്ങളിലായി കൈറ്റസിലെ കുട്ടികൾക്കായി 1 മണിക്കൂർ ക്ലാസ്സ് നടത്തിവരുന്നു .

ആനിമേഷൻ ,ഗ്രാഫിക്സ്, മലയാളം ടൈപ്പിങ്ങ്, പ്രോഗ്രാമിങ്ങ് ഇവ കുട്ടികളെ
പരിശീലിപ്പിക്കുകയും മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നവരെ മത്സരങ്ങൾ ക്കായി സ്കൂളിൽനിന്നും കൊണ്ടുപോവുകയും ചെയ്തു .തങ്ങളുടെ കഴിവിനെ പരിചയപ്പെടുത്താൻ അവർക്കു കിട്ടിയ ഒരു അവസരമായിരുന്നു അത്.

ഈ വർഷം ലിറ്റിൽ കൈറ്റ്സ് ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യമാണ് ഡിജിറ്റൽ മാഗസിൻ.ഓരോ കുട്ടിയും തയ്യാറാക്കിയ വിവിധ തരത്തിലുള്ള കഥ,കവിത,ലേഖനം എന്നിവ ഉൾ ക്കൊള്ളിച്ചാണ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്. ഇങ്ങനെ നവീനവും,ഗുണപ്രദവുമായ പദ്ധതിയിലൂടെ ലിറ്റിൽ കൈറ്റ്സ് ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു. മികവിന്റെ പുരോഗതിയുടെ പാതയിലൂടെമുന്നേരുന്നു.

# താളുകൾ......

1. എന്റെ വീട്
2. ഒരു ദൈവസന്ദേശം......
3. അമ്മ
4. അമ്മയാം പ്രകൃതി
5. പുഴ
6. എന്റെ അമ്മ
7. അറിവ്
8. എന്റെ ഭൂമി
9. ആഴവും ഉയരവും
10. കേരളം
11. വിദ്യാപീഠം
12. കയറിതീർത്ത ഏണികൾ
13. വർണ്ണ സുരഭിയാം ഭൂമി
14. പൊന്നോണം
15. ബാല്യകാലം

16. അമ്പിളിമാമൻ

17. കാറ്റ്

18. കണ്ടലുകളും കാവുകളും

19. മാറിവരുന്ന ഭക്ഷണശീലങ്ങളും മലയാളികളും

20. ഉണ്ണായിവാര്യർ

21. നാണംകുണുങ്ങി

22. ചിന്നുവും മിന്നുവും

23. മിന്നുമോളും പൂച്ചക്കുട്ടിയും

24. തത്തമ്മയും പൂച്ചയും

25. കടംകഥകൾ

26. ഫലിതങ്ങൾ

27. പഴഞ്ചൊല്ലുകൾ

28. ചരിത്ര ക്വിസ്

29. പ്രളയം

30. അനുഭവക്കുറിപ്പ്


# എന്റെ വീട്



പച്ച പുതച്ചു നി
ൽക്കുമാഗ്രാമത്തിൻ
കുന്നിൻ
ചരിവിലാണെൻെറ  വീട്
തൊടികളും പുഴകളും പച്ചപ്പാടങ്ങളും
ചേർന്നൊരുനാട്ടിലാണെൻെറ  വീട്
പഴയൊരുകാലത്തിൻ ഓർമ്മപരത്തു-
ന്നൊരോട്ടിൻ പുരയാണെൻെറ വീട്
മാവുകൾ പ്ലാവുകൾ കേരവൃക്ഷങ്ങളിട-
ത്തൂർന്ന തൊടിയിലാണെൻെറ വീട്.
മുത്തശ്ശൻ,മുത്തശ്ശി മാമനും മാമിയും
ഉള്ളോരിടമാണെൻെറ വീട്.
അച്ഛനമമ്മയും ചേട്ടനും ചേച്ചിയും
എന്നോടൊപ്പമാവീട്ടിലുണ്ട്.
നന്നായി പാലു ചുരത്തിതരുന്നൊരു
നങ്ങേലിപ്പശുവുമുണ്ടെൻ വീട്ടിൽ
എല്ലാവരും ചേർന്ന സന്തോഷമായ് വാഴും
'ദൈവത്തിൻ ദാന'മാണെൻെറവീട്.

# ഒരു ദൈവസന്ദേശം...

കരയുന്ന ഭ്രൂമിയുടെ കണ്ണീർ -
തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ
പോറ്റുന്ന ഭ്രൂമിയുടെ
ദീനമാം രോദനം കേൾക്കുന്നു
ഞാൻ,
ഭ്രൂമി വിളരുന്നു മരണമാം
വേദനയോടെ,
കണ്ണുനീർ പൊഴിക്കുന്നു
താടകയെന്ന പോൽ,
ഓർക്കുക മർത്യാ നീ
ജീവൻ തുടിപ്പുള്ള
ഭ്രൂമിയാം ദേവിയെ നോവിച്ചാൽ
അനുഭവിക്കും നീ -
ഒരുനാൾ...



# അമ്മ

ഒൻപതു പേരവർ കൽപ്പണിക്കാർ
ഓരമ്മ പെറ്റവരായിരുന്നു
ഒമ്പതുപേരും അവരുടെ
നാരിമാർ
ഒമ്പതും ഒന്നിച്ച്
വാണിരുന്നു



കല്ലുകൾ ചെത്തി
പട്ടുക്കുവാൻ  കൈകൾക്കു
കല്ലിനേക്കാൾ ഉറപ്പായിരുന്നു
നല്ല പകുതികൾ നാരിമാരോ
കല്ലിലെ നീരുറവ ആയിരുന്നു
ഒരു കല്ലടുപ്പിലെ തീയിലല്ലോ
അവരുടെ കഞ്ഞി തിളച്ചിരുന്നു
ഒരു വിളക്കിൻ വെളിച്ചത്തിലല്ലോ
അവരുടെ തീനും തിമി തിമിർപ്പും
ഒരു കിണർ കിനിയുന്ന നീരാണല്ലോ
കോരിക്കുടിക്കാൻ കുളിക്കുവാനും.
ഒൻപതറകൾ വെവ്വേറെ അവർക്കന്തി-

യുറങ്ങുവാൻ മാത്രമല്ലോ...

# അമ്മയാം പ്രകൃതി



അമ്മയാകും നമ്മുടെ പ്രകൃതി
നമ്മുക്കായി ചെയ്യു നൻമകൾ
നമ്മുടെ ദാഹം തീർക്കും ശുദ്ധജലം
ആരുതന്നു നമുക്കാരുതന്നു?
നമ്മുടെ ജീവൻ
നിലനിർത്തും വായു
ആരുതന്നു
നമ്മുക്കാരു തന്നു?
നമ്മുടെ കണ്ണിനു കുളിമ നൽകും-
കാഴ്ച്ചകൾ.
ആരുതന്നു നമ്മുക്കാരു തന്നു?
നമ്മുക്കു നന്മകൾ ചെയ്യീടുന്നീ
പ്രകൃതിയെ നാം എന്തിനു
ചൂഷണം ചെയ്യീടുന്നു?
നമ്മുടെ അമ്മയാമീ പ്രകൃതിയെ
ഇല്ലാതാക്കീടുന്നു നാം
ആരുതരും ഇനിയാരുതരും
നമുക്കായി ചെയ്യിടുന്നീ നന്മകൾ?

# പുഴ



പുഴയും തോടും വറ്റിപ്പോയി

ഒരു തുള്ളി വെള്ളം

ഇല്ലാതായി

മീനുകൾ എല്ലാം

ഇല്ലാതായി

ജലസ്രോതസ്സുകൾ വറ്റിപ്പോയി

ക്രൂരതയേറിയ മനുഷ്യർകുലം

എല്ലാം എല്ലാം നശിപ്പിച്ചു

എവിടെത്തിരയാൻ നീർക്കണങ്ങളെ

പുഴകൾ  മുഴുവൻ വറ്റിപ്പോയി

പുഴകൾ മുഴുവൻ റോഡുകളായി

പ്രകൃതിയാകെ നശിപ്പിച്ചു

ജീവികൾ പലതും ഇല്ലാതായി

എല്ലാം എല്ലാം നശിപ്പിച്ചു.

# എന്റെ അമ്മ



മനസ്സിൻ ചുവരിൽ മായാതെ
കിടക്കുന്ന ആത്മതാളമാണെൻെറ അമ്മ
മാനസവീണയായി മന്ത്രിക്കുന്ന
ആത്മതാളമാണെൻെറ അമ്മ.

ജീവൻ നൽകീടും
ആത്മാവാണെൻെറ അമ്മ
അമ്മതൻ കണ്ണിലെ
കൃഷ്ണമണിയായി ഞാൻ നിലക്കൊ-
ള്ളുന്നു.

ജീവിതസംഗീതമായ് പൊഴിയുന്ന
ജീവതാളമാണെൻെറ അമ്മ
ജീവജലം പൊഴിയുന്ന
മഴപോലെയാണെൻെറ അമ്മ

സ്നേഹം കൊണ്ടുണ്ടാക്കിയ
മാലായാണെൻെറ അമ്മ
ആ മാലയിലെ  മുത്തുകളായി

ഞാൻനിലകൊള്ളുന്നു.

# അറിവ്




അറിവിൻെറ ദീപം കെടാതെ
കാക്കുന്നതാണെൻെറ വിദ്യാലയം
അറിവുകൾ വാരി വിതറുന്നതാ-
ണെൻെറ വിദ്യാലയം
ആദ്യഗുരുവായി അമ്മയെ
നിയമിച്ചു
അമ്മ എന്ന വാക്കാദ്യം ഉച്ചരിച്ചു
വളരുന്തോറും നാം ഓരോന്നും കണ്ട-
റിഞ്ഞു.
വളരുന്തോറും നാം ഓരോന്നും-
കേട്ടറിഞ്ഞു.
അറിവിൻെറ മഹത്വം ആദ്യം
നാം ഗുരുവിലൂടെ അറിഞ്ഞു
സ്നേഹവും വാത്സല്യവും നൽകി
അറിവും വിജ്ഞാനവും നൽകി
കുസൃതിയും കുറുമ്പും സഹിച്ച്
അറിവിൻെറ വാതിൽ നമ്മു-
ക്കായി തുറന്നു തന്നു.
അറിവ് പലതായി പകർന്നു തന്നു
നേർവഴിയിലൂടെ നടത്തിത്തന്നു
ജീവിതമാർഗ്ഗം കാട്ടിത്തന്നു
അവസാനം യാത്ര പറഞ്ഞിറങ്ങുമ്പോൾ
വേർപാടിൻ വേദനയും തന്നു.

# എൻ്റെ ഭൂമി



എത്ര മനോഹരമൻെറ ഭൂമി

ജീവജാലം നിറഞ്ഞ പുണ്യഭൂമി

പച്ചപ്പ് ചാർത്തിയ

പൊൻമണിമെത്ത-

പോൽ.

ശോഭിച്ച നിൽക്കുന്ന എൻെറ

ഭൂമി

കളകളം ഒഴുകുന്ന നദികളാൽ സുന്ദരം

പുണ്യം നിറയുന്ന എൻെറ ഭൂമി

സൂനങ്ങളാൽ നിറശോഭ പകരുന്നു,

രമണീയമാകുന്നു എൻെറ ഭൂമി

ഓജസ്സ് നൽകും പൊൻ നെൽപ്പാടങ്ങൾ

നൃത്തം ചവിട്ടുന്നിളം കാറ്റിനാൽ.


സഹസ്രാക്ഷനം താരാഗണങ്ങളും

പാരിന് സൗന്ദര്യമേകിടുന്നു.

എത്രമനോഹരമെൻെറ ഭൂമി

പുണ്യ സൗന്ദര്യങ്ങൾ ചേർന്ന ഭൂമി.

# ആഴവും ഉയരവും




ഒരു തെങ്ങോളം
ഉയരമുണ്ടായിരുന്ന
പാറയ്ക്ക്
അത്രത്തോളം
ആഴത്തിൽ
ഇപ്പോഴവിടം
വെള്ളക്കെട്ടായി.
കുളിക്കാനും
അലക്കാനും
ആളുകൾ വരുന്ന
പോകുന്ന
പാറമടയുടെ
ആഴം അറിയാത്തവർ
അതിൽ മുങ്ങി മരിച്ചിട്ടുണ്ട്.
പാറ
പാറയായിരുന്നപ്പോൾ
ചിലർ
വീണു മരിച്ചിട്ടുണ്ട് .
പാറയുടെ
ഉയരം
അറിയാത്തവരായിരുന്നില്ല
അവരൊന്നും!

# കേരളം



കേരളം കേരളം എന്റെ നാട്

കേരളങ്ങൾ തിങ്ങി നിറഞ്ഞ നാട്

കടലും ,മലയും  കാക്കുന്ന നാട്,

കണ്ണും ,കരളും കവർന്ന നാട് !

കേരളം കേരളം എന്റെ നാട്

കാട്ടു പൂഞ്ചോലകൾ പാടും നാട്,

കതിരണിപ്പാടങ്ങൾ ആടും നാട്

കഥകളിയാട്ടങ്ങൾ കണ്ട നാട് !

കേരളം കേരളം എന്റെ നാട്

കളിവള്ള മൽസരമുള്ള നാട്

കളരിപ്പയറ്റിൻ വീറുള്ള നാട്,

കലകൾ തൻ കളിയരങ്ങായ നാട് !

# വിദ്യാപീഠം

**വിദ്യ നൽകുന്നരാ വിദ്യ പീഠമേ,**
**നീയാണെൻ ബുദ്ധിയും ശക്തിയും**
**നിന്നിലാണോരോ വിദ്യാർത്ഥിതൻ**
**പ്രതീക്ഷയും. നീയാണുറവിടം**
**നീയാണറിവും.നിന്നിൽ നിന്ന് സ്രവി-**
**ക്കുന്നൊരദ്ധ്യായങ്ങളും നീ പകരും**
**പാഠങ്ങളും,നീ നൽകും അറിവും**
**തീർത്ഥമായി എന്നിൽ വീഴുന്നു.**
**ഇത്രയും നൽകുന്ന വിദ്യയാം**
**പീഠമേ നിന്നെ ഞാൻ നമിക്കുന്നു.**



# കയറിത്തീർത്ത ഏണികൾ

**നീളം കൂട്ടിക്കൂട്ടി**

**പടുത്തുവച്ച**

**കെട്ടിടങ്ങൾ**

**സന്തോഷത്തിൻ**

**രഹസ്യായി തോന്നി**

**കൂട്ടിവെച്ച**

**ഗാന്ധിയപ്പൂപത്ര**

**ചിത്രങ്ങള്ക്ക്**

**അഭിമാനത്തിൻ**

**സുന്ധമുള്ളതായി**

**തോന്നി**

**പഠിക്കാൻ മറന്ന**

**സത്യങ്ങളെക്കുറിച്ച്**

**പിന്നെയാണവര്**

**കൊതിക്കാനൻ**

**തുടങ്ങിയത്**

**കളഞ്ഞുപോയ**

**തുമ്പപ്പൂവ്**

**നിന്നും**

**പതുക്കെ**

**തലപൊക്കാനന്‍**

**സ്റമിച്ചു.**

**വലിയകെട്ടിടത്തിലെ**

**ചെറിയ**

**ആള്‍രൂപങ്ങള്‍**

**പച്ചപ്പാടവുമായി**

**ആത്മബന്ധം കൊതിച്ചു.**

# വർണ്ണ സുരഭിയാം ഭൂമി



വൈവിധ്യം നിറഞ്ഞൊരീ ഭൂമിയിൽ
ജീവിച്ചുതിമിർക്കും തനയരാം ഞങ്ങൾ
നിനക്കേകുന്ന നമോസ്തുതി
നാനാവർണ്ണം വിതറും പൂക്കളും
കാറ്റത്താടി വിലസും മരങ്ങളും
സ്വാതന്ത്ര്യമായി വിഹരിക്കും മൃഗങ്ങളും
വാനിൽ പറന്നുയരും  പറവളും
രോഗത്തിൻ ശമനം ലഭിക്കാൻ
വൈദ്യൻ കൽപ്പിക്കും ഔഷധങ്ങളും
സ്വച്ഛന്ദം ഒഴുകും പുഴകളും
നാടിൻ യസ്സുയർത്തും മാമലകളും
ഭക്ഷണത്തിൻ കലവറയായിട്ടും നെൽ
പ്പാടങ്ങളും, തെങ്ങിൻ തോപ്പുകളും
വറ്റാത്ത നീരന്റെ കേദാരമായ
കിണറുകളും കുളങ്ങളും
മത്സ്യങ്ങൾ വിഹരിക്കും സമുദ്രങ്ങളും
കാട്ടാനകൾ തൻ ഗർജ്ജനം  നിറഞ്ഞ
കറുത്തിരുണ്ട കാനനങ്ങളും
മർത്യ മനസ്സിനു ഉന്മേഷം നൽകും
നാനാ ജാതി വൈവിദ്യങ്ങളും
എന്നും നിലനിർത്തുവാൻ മനസ്സിൻ
നൈർമല്യമുണ്ടാകട്ടെ നിൻ മക്കൾക്ക്

# പൊന്നോണം



പൂവുകൾ  നുള്ളുവാൻ
പൂങ്കാറ്റു കൊള്ളുവാൻ
പിന്നെയും  വന്നല്ലോ
പൊന്നോണം
പൂക്കളം തീർക്കുവാൻ
പൂപ്പൊലി പാടുവാൻ
പിന്നെയും വന്നല്ലോ പൊന്നോണം
കോടിയുടുക്കുവാൻ
കുമ്മിയടിക്കുവാൻ
പിന്നെയും വന്നല്ലോ പൊന്നോണം
ഒത്തൊരുമിക്കുവാൻ
ഒത്തു ചേർന്നുണ്ണുവാൻ
പിന്നെയും വന്നല്ലോ പൊന്നോണം
ഊഞ്ഞാലിലാടുവാൻ
ആലോലമാടുവാൻ
പിന്നെയും വന്നല്ലോ പൊന്നോണം
മലനാടുണരുവാൻ
മാവേലി കാണുവാൻ
പിന്നെയും വന്നല്ലോ പൊന്നോണം

# ബാല്യകാലം

ഒരു കാലമുണ്ടെനിക്കൊരു കാലമു-
ണ്ടെനക്കോർമകളുടുക്കുന്ന ബാല്യകാലം
ഒരു കാലമുണ്ടെനിക്കൊരു കാലമുണ്ടെനിക്കോർ
മകളൊതുന്ന ബാല്യകാലം
അമ്മതൻ കൈകളിൽ കോർത്തു പിടിച്ചെന്നെ
പിച്ചവെയ്ക്കാൻ പഠിപ്പിച്ച കാലം
കൈനിറയെ മടിനിറയെ മധുരം തുളുമ്പുന്ന
തേൻ നീരുറവകൾ ഒഴുകിടുമ്പോൾ
വിദ്യ തൻ അക്ഷരച്ചെപ്പുകൾ
വച്ചു നീട്ടിത്തന്ന കൊച്ചുബാല്യം
ഒരു കാലമുണ്ടെനിക്കൊരു കാലമു
ണ്ടെനിക്കോർത്തിരിക്കാനായി  എൻ ബാല്യകാലം.

കുട്ടിക്കവിതകൾ

# അമ്പിളിമാമൻ

മാനത്തെ വീട്ടിലെ
അമ്പിളിമാമൻ
താഴേക്ക് നോക്കി വിരിയുന്നു
ഞാൻ നടക്കുമ്പോൾ
അമ്പിളി മാമൻ
ആഹാ,കൂടെ നടക്കുന്നു
ഞാനൊന്നു നിന്നാൽ
അമ്പിളി മാമൻ
ആഹാ,മാനത്ത് നിൽക്കുന്നു
എന്നോടെന്തേ
അമ്പിളി മാമൻ
ഇത്രക്കിഷ്ടം കൂട്ടുന്നു

# കാറ്റ്

കാറ്റ് നല്ല കാറ്റ്
ആടിവരും കാറ്റ്
ആലോലം പാടി പാടി
ആടി വരും കാറ്റ്
തെക്ക് നിന്ന് വീശുന്നു
വടക്ക് നിന്ന് വീശുന്നു
എല്ലാ ദിശയിൽ നിന്നും
വീശി വരും കാറ്റ്
നമ്മുടെ മൂലയിൽ പൂമണത്തും കാറ്റ്
നല്ല നല്ല പൂമണങ്ങൾ
കൊണ്ടും വരും കാറ്റ്
കാറ്റ് നല്ല കാറ്റ്
ആടി വരും കാറ്റ്
ആനന്ദം എവർക്കും പകരുന്ന
ആനന്ദായകമാണ് കാറ്റ്.

# കണ്ടലുകളും കാവുകളും.



കേരളത്തിലെ പാരിസ്ഥിതിക പൈതൃകത്തിന്റ പ്രതീകങ്ങളാണ് കണ്ടൽക്കാടുകളും കാവുകളും.തീരപ്രദേശത്തെ സവിശേഷ പരിസ്ഥിതിയിൽ ഉൾനാടിനെ സംരക്ഷിക്കുന്ന നൈസർഗിക കവചമായി കണ്ടൽക്കാടുകൾ വർധിക്കുമ്പോൾ, മനുഷ്യനന്മയുടെ ബാക്കിപത്രമായി പ്രകൃതിയിലും പ്രകൃതിശക്തികളിലുമുള്ള വിശ്വാസങ്ങളുടെ പേരിൽ നാം കണ്ണിലെ കൃഷ്ണമണിപോലെ വനപ്രദേശത്തിനു വെളിയിൽ കാത്തുവച്ച പച്ചത്തുരുത്തുകളാണ് കാവുകൾ.എന്നാൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ നൽകുന്ന സേവനം വിലയിരുത്തുന്നതിൽ നാം ഏറെ വൈകിപ്പോയിരിക്കുന്നു.ഇത് അവയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി

മാറിക്കൊണ്ടിരിക്കുന്നു.കഴിഞ്ഞ നൂറ്റാണ്ടിന്റ ആദ്യപകുതി വരെ കേരളത്തിൽ നിബിഡമായി കണ്ടിരുന്ന കണ്ടൽക്കാടുകളും നൂറു കണക്കിന് കാവുകളും ഇന്ന് നാശത്തിന്റ വക്കിലെത്തി നിൽക്കുകയാണ്. ദൈവീക സങ്കൽപ്പമുള്ള വിശുദ്ധവനങ്ങളായ കാവുകളും തീരദേശത്തെ ഏറ്റവും ഉൽപ്പാദനക്ഷമതയുള്ള കണ്ടലുകളും വെട്ടിനശിപ്പിക്കുന്നതിൽ നാം ഒരു വിട്ടുവീഴ്ചയും കാണിച്ചില്ല. തത്ഫലമായി ഈ രണ്ട് ആവസവ്യവസ്ഥകളും കേരളതീരപ്രദേശത്ത് സമൃദ്ധമായി ഉണ്ടായിരുന്നത് കുറഞ്ഞ ഒരുകാലം കൊണ്ട് തീയിട്ടും, വെട്ടിമാറ്റിയും നശിപ്പിക്കപ്പെട്ടു. ഇതിനെ പുനരുജ്ജീവിപ്പിക്കുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്. ബാക്കിനിൽക്കുന്ന പച്ചത്തുരുത്തുകളെ സംരക്ഷിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. ഈ രണ്ട് സവിശേഷ ആവാസവ്യവസ്ഥകളെക്കുറിച്ചും കൂടുതൽ അറിവ് നേടുകയും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുള്ള ശാസ്ത്രീയരീതികൾ മനസ്സിലാക്കുകയും ചെയ്യുക എന്നത് കാലഘട്ടത്തിന്റ അനിവാര്യതയും കൂടിയാണ്.

# മാറിവരുന്ന ഭക്ഷണശീലങ്ങളും മലയാളികളും

പ്രാചീന മലയാളികളു
ടെഭക്ഷണശീലങ്ങളുംആധുനികമലയാളിയു-
ടെ  ഭക്ഷണശൈലിയും വളരെയേറെ വ്യത്യാസംങ്ങളാണ് കാണാൻ സാധിക്കുന്നത്. ആധുനക സമൂഹത്തിലുള്ളവരെ കണ്ടാൽ മനസ്സിലാക്കാൻ സാധിക്കുന്നത് ഭൂരിഭാഗം പേരും രോ ഗത്തിന്  അടിമയായവരും , മറ്റുചിലഭാഗം ആരോഗ്യ സംബന്ധമായ  രോഗങ്ങളിലും ബന്ധനം ഏർപ്പെട്ടവരാണ്. എന്നാൽ പ്രാചീന മലയാളികളുടെ സമൂഹത്തെ എടുത്തുനോക്കുകയാണെങ്കിൽ എല്ലാവരും  മാനസികമായും , ശാരീരികമായും, ആരോഗ്യം കൈവരിച്ചവരാണ്. എന്താണ് ഇതിന് കാരണം? ഉത്തരം  ഒന്നേയുള്ളു ; നമ്മളെല്ലാവരും കഴിക്കുന്ന ഭക്ഷ്യസാധനങ്ങൾ തന്നെ.

കവർ നിർമിതനായ പലഹാരങ്ങൾ , ഹോട്ടലുകളിൽ ഉണ്ടാക്കുന്ന ഭക്ഷണങ്ങളെല്ലാം നമുക്ക് രോഗങ്ങളാണ് ഉണ്ടാക്കുന്നത് . ഇത് പോലുള്ള ഭക്ഷണം മൂലമുണ്ടാകുന്ന രോഗങ്ങൾ  നമുകെല്ലാവർക്കും അറിയാമായിരുന്നിട്ടും രോഗങ്ങളെ മനപൂർവ്വം  വിളിച്ചുവരുത്തുകയാണ് . കുട്ടികളിൽ

മാത്രമല്ല മുതിർന്നവരിലും ഇത് കാണാൻ സാധിക്കുന്നു

എന്തിന് മലയാളികളുടെ ഉത്സവമായ രത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നത് . നാം പിറന്ന മലയാളമെന്ന പുണ്യമായ അമൃത വാക്കുകളേയാണ് ഇന്നത്തെ സമൂഹം അവരുടെ സംസ്കാരം മൂലം ചൂഷണം ചെയ്യുന്നത്

ഓരോ മനുഷ്യന്റേയും സംസ്കാരം അവരുടെ ജീവിതരീതിയനുസരിച്ചാണ് . അത് ഏത് വിഷയമാണെങ്കിലും ശരി. ഒരുവന്റെ ജീവിതരീതിയനുസരിച്ചാണ് . എന്തിനു പോലും അവരവർ കഴിക്കുന്ന ഭക്ഷരീതിയും . മലയാളിയുടെ തനിമയെ സ്നേഹിക്കുന്നവർ അവരുടെ ഭക്ഷണശൈലികളും വളരെ ഗുണമേറിയതായിരിക്കും . ഇന്നത്തെ സമൂഹത്തിൽ വളരുന്ന കുട്ടികളെ മലയാളത്തിന്റെ തനിമയുടെ രുചിയിലേക്ക് കൊണ്ടെത്തിച്ച് അവരവരുടെ ആരോഗ്യകരവും ,ശാരീരികവും,മാനസികവുമായ നില ഭദ്രമാക്കുക . അവരിൽ മലയാളികളുടെ ഭക്ഷണത്തിന്റെ നാടൻ തനിമയിൽ കൊണ്ടെത്തിക്കുക

" ഭക്ഷണത്തിന്റെ നാടൻ തനിമയിൽ കൊണ്ടെത്തിച്ച്

രോഗങ്ങൾ ഉപേക്ഷിക്കുക.

ആരോഗ്യം നിലനിർത്തുക."

# ഉണ്ണായിവാര്യർ

മാത്രംമലയാളസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠആട്ടക്കഥാസാഹിത്യത്തിലെ നിസ്തുലപ്രതിഭ.തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ അകത്തൂട്ട് വാരിയത്ത് ജനനം . വേദാന്തത്തിലും വൈദ്യത്തിലും സംഗീതത്തിലും നിപുണനായിരുന്നു. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ് , കൊച്ചിരാജാവ്, എന്നിവരുടെ ആശ്രിതനായിരുന്നു. കുഞ്ചൻനമ്പ്യാരുടെയും രാമപുരത്തുവാര്യരുടേയും സമകാലികൻ.'നളചരിതം ആട്ടക്കഥ' ഒന്നുകൊണ്ടുനേടി.ക്ലാസിക് പ്രസ്ഥാനത്തിലെ റൊമാന്റിക് കാവ്യമെന്നും  റൊമാന്റിക് പ്രസ്ഥാനത്തിലെ ക്ലാസിക് കാവ്യമെന്നും വിശേഷിപ്പിക്കാവുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ. കഥാപാത്രനിർമ്മാണകുശലതയിലും നാടകീയതയിലും ജീവിതവീക്ഷണത്തിലും ഭാവാവിഷ്ക്കാരണത്തിലും കേരളത്തിലെ  ശാകുന്തളം എന്നു വിശേഷിക്കപ്പെടാൻ നളചരിതത്തിന് അർഹതയുണ്ട്. ഗിരിജാകല്യാണം , രാമപഞ്ചശതി, എന്നീ കൃതികൾ ഉണ്ണായിവാര്യരുടേതാണെന്ന് അഭിപ്രായമുണ്ട്.

# നാണം കുണുങ്ങി

തെങ്ങിൻ തോപ്പിൽനിന്നും അച്ഛൻെറ സുരേ
ഷേ.......സുരേഷേ എന്നുള്ള വിളി കേട്ടു ഞാൻ ചിന്തകളിൽ
നിന്നുണർന്നു.അച്ഛൻ
തേങ്ങ പെറുക്കിയിടാൻ വിളിക്കുകയാണ്.നേരത്തെ
അയ്യപ്പൻ
ചേട്ടൻ വരുന്നതു കണ്ടു.
ഞാൻ തെങ്ങിൻതോപ്പിലേക്കോടി.പെട്ടെന്നു കാൽ
വേദനിച്ചപ്പോഴാണ് ഓട്ടം നിറുത്തി തിരിഞ്ഞു
നോക്കിയത്.
പറമ്പിലെ തൊട്ടാവാടി കൂട്ടത്തിന്റെ ആക്രമണമാണെന്നു
മനസിലായി.തൊട്ടാൽ വാടുന്ന അതിന്റെ തന്ത്രം എനിക്ക്
കൗതുകമാണ്.പക്ഷേ,ഇതിന്റെ മുള്ളുണ്ടല്ലോ!അയ്യപ്പൻ
ചേട്ടാ , ഇതിനെ നമ്മുക്ക് പറച്ചുകളയണം .
പരിസ്ഥിതി പ്രവർത്തകൻ കൂടിയായ അയ്യപ്പൻ ച്ചേട്ടൻ
പറഞ്ഞു . മോനേ , ഇത് ഒരു ഔഷധസസ്യം
തന്നെയാണ്. മണ്ണിന്റെ ഫലപൂഷ്ടിയുമായി ഇതിന്
ബന്ധമുണ്ട് .
തൊട്ടടുത്തു നിമിഷം വാടിപോകുന്ന ഈ നാണം
കുണുങ്ങിയെ ഉറുമ്പുകൾ ഞങ്ങളുടെ വീടുകളാക്കി മാറ്റുന്നു.

തണ്ടിനകത്താണ് ഉറുമ്പിന്റെ മാളം. പ്രകൃതിയിലെ സവിശേഷമായഒരുസഹവർത്തിത്വമാണിത്.തൊട്ടാവാടിയെ തൊട്ടുനോക്കാൻ ചെല്ലുമ്പോളറിയാം വിവരം ഉറുമ്പ് പട്ടാളം കുതിച്ചുവരികയായി . അയ്യപ്പൻ ചേട്ടാ, തൊട്ടവാടൻ തന്ത്രം എങ്ങെനെയാണ് .? ഓരോ പ്രധാന ഇലയും തണ്ടിനോട് ചേരുന്ന ഭാഗത്ത അല്പ്പം തടിച്ച ഭാഗമുണ്ട് , പൾവൈവെനസ് എന്നാണ് ഇതിന് പറയുക . പൾവൈവെനസിൽ ധാരാളം കോശരസമുണ്ട് . ഇല വിടർത്തി നിൽക്കുമ്പോൾ ഈ കോശരസപൾ വൈവെനസിൽ ഏതാണ്ട് ഒരു പോലെയിരിക്കും . ഇലയെ ആരെങ്കിലും തൊടുന്ന പക്ഷമോ , കാറ്റടിച്ചാലോ പൾ വൈവെനസിന്റെ അടിഭാഗത്തെ കോശരസം പെട്ടെന്ന് മുകളിലേക്ക് തള്ളിക്കയറും . അതോടെ ഇലയുടെ തണ്ട് താഴോട്ട് മടങ്ങും . ഇലകൾ കൂമ്പും . ഇതാണ് തൊട്ടാൽ വാടൽ .

അയ്യപ്പൻ ചേട്ടാ........ എന്തിനാണ് ഈ ചെടി ഇങ്ങനെ കൂമ്പുന്നത് ? അതിജീവനത്തിന്റെ സൂത്രം തന്നെ . എന്റെ നാണം കുണുങ്ങി ............

അപ്പോൾ നീ വെറുമൊരു മുൾച്ചെടിയല്ല . നീ ഭൂമിയുടെ സമ്പത്തു തന്നെയാണ്.

# ചിന്നുവും മിന്നുവും

ഒരു കാട്ടിൽ മിന്നുതത്തയും ചിന്നുതത്തയും ഉണ്ടായിരുന്നു.അവർ രണ്ട് പേരും കൂട്ടുക്കാർ ആയിരുന്നു.ഒരു ദിവസം അവർ കൂട്ടുക്കാരോടൊത്ത് കളിക്കാൻ പോയി.പെട്ടന്ന് ഒരു സിംഹം അവിടെ എത്തി.നിങ്ങൾ എവിടെ പോകുന്നു.അവർ കള്ളം പറഞ്ഞു സിംഹം അത് വിശ്വസിച്ചു.പിന്നെ അവർ കൊടും കാട്ടിലേക്ക് പോയി.നേരം ഇരുട്ടിയപ്പോൾ അവർക്ക് വഴി തെറ്റി.അവർ ചെന്നു പെട്ടത് കാട്ടിലെ കൊടും ക്രൂരനായ പാമ്പിന്റ മുന്നിൽ.ആ പാമ്പ് ആകെ  വിശന്നിരിക്കുകയായിരുന്നു. കുട്ടികളെ പിടിക്കാൻ പാമ്പ് പല വഴികളും നോക്കി.പക്ഷെ അവർ ഒരുമിച്ചു നിന്ന് ആ പാമ്പിനെ തോൽപിച്ചു.

# മിന്നുമോളും പൂച്ചക്കുട്ടിയും

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു.മിന്നു എന്നായിരുന്നു അവളുടെ പേര്.അച്ഛനും അമ്മയും ചേച്ചിയും ഉള്ളൊരു കുടുബമാണ് അവളുചടേത്. മിന്നുമോളും ചേച്ചിയും ഒരു ദിവസം കാട്ടിലൂടെ നടന്നപ്പോൾ ,മുൾചെടിയുടെ ഇടയിൽനിന്നും ഒരനക്കം.നോക്കുമ്പോൾ ഒരു പൂച്ച! മുൾചെടിയുടെ മുള്ളുകൾ കൊണ്ട് അതിന്റെ കാലുകൾ പൊട്ടി ആ പൂച്ചക്കുഞ്ഞു കരയുകയാണ്.അവർ അതിനെ വാത്സല്യത്തോടെ എടുത്തു വീട്ടിലേക്ക് കൊണ്ടുപോയി.അവർ ആ പൂച്ചക്കുട്ടിക്ക് മരുന്നു വെച്ചു കൊടുത്തു.അമ്മയെയും അച്ഛനെയും പൂച്ചക്കുഞ്ഞിനെ കാണിച്ചു കൊടുത്തപ്പോൾ അവർ അതിനെ എവിടെന്നു കിട്ടി എന്നു ചോദിച്ചു.മിന്നുമോളും അവരോട് പൂച്ചക്കുട്ടിയെ കിട്ടിയ കഥ പറഞ്ഞു. കഥ കേട്ടപ്പോൾ അവർക്കും ആ പൂച്ചക്കുട്ടിയോട് സ്നേഹം തോന്നി.

മിന്നുമോൾ എന്നും വൈകുന്നേരം സ്കൂൾവിട്ടു വന്നു കഴിഞ്ഞയുടനെ പൂച്ചക്കുട്ടിയുടെ കൂടെ കളിക്കും.

അങ്ങനെ ഒരു ദിവസം മിന്നുമോൾ രാവിലെ പാല് കൊടുക്കാൻ പൂച്ചയെ തിരക്കിയപ്പോൾ പൂച്ചയെ കാണുന്നില്ല!മിന്നുമോൾ അച്ഛനെയും അമ്മയെയും ചേച്ചിയേയും കാര്യം അറിയിച്ചു.  എല്ലാവരും പൂച്ചയെ തിരഞ്ഞു നോക്കി, പക്ഷെ അവരാരും ആ പൂച്ചയെ കണ്ടില്ല. ഒടുവിൽ അവർ ആ പൂച്ചക്കുഞ്ഞിനെ തിരക്കി കാട്ടിലേക്കുപോയി.  അപ്പോൾ അവർ ആ കാട്ടിലെ ഒരു ഗുഹയിൽനിന്നും അവരുടെ പൂച്ചക്കുഞ്ഞിന്റെ കരച്ചിൽ കേൾക്കാമായിരുന്നു. അവർ ഗുഹയുടെ അടുത്തേക്ക് ചെന്നു നോക്കിയപ്പോൾ ഒരു മൃഗം ആ പൂച്ചയെ തിന്നാൻ പോകുന്നു! അവരോടിചെന്ന്  പൂച്ചയെ ആ മൃഗത്തിൽനിനിന്ന്  രക്ഷിച്ചു. മിന്നുമോൾ ആ പൂച്ചക്കുഞ്ഞിനെ സ്നേഹത്തോടെ വാരിപ്പുണർന്നു. അതിനു ശേഷം അവർ സന്തോഷത്തോടെ ആ പൂച്ചക്കുഞ്ഞിനേയും എടുത്തു വീട്ടിലേക്കു മടങ്ങി.

# തത്തമ്മയും പൂച്ചയും

ഒരിക്കൽ തത്തമ്മയും പൂച്ചയും
കൂട്ടുകാരായിരുന്നു.അവർ മത്തൻ കുമ്പളം ചെരക്ക
എന്നിവകൃഷിചെയ്തു. കൃഷിചെയ്തു വിളഞ്ഞു എന്നിട്ട്
അവർ ചന്തയിൽ കൊണ്ടുപോയി
വിറ്റു.വിറ്റപണംകൊണ്ട് അവർ
കപ്പലണ്ടിവാങ്ങി.അവർ വഞ്ചിയിൽ കപ്പലണ്ടി
തിന്നുകൊണ്ട് പോവുകയായിരുന്നു.പൂച്ച കപ്പലണ്ടി
വേഗം തിന്നുതീർത്തു.തത്തമ്മ പതുകെ പതുകെ
തിന്നുകൊണ്ടിരുന്നു.പൂച്ച തത്തമ്മയോടു ചോദിച്ചു
"തത്തമ്മേ തത്തമ്മേ എനിക്കു കുറച്ചു കപ്പലണ്ടി
തരുമോ?".തത്തമ്മ കൊടുത്തു,വീണ്ടും
ചോദിച്ചു.അപ്പോഴും
കൊടുത്തു. പിന്നെയും ചോദിച്ചു  അപോൾ തത്തമ്മ
പറഞ്ഞു ഞാൻ നിനക്ക് തരില്ല ഇത് എന്റെ പങ്കാണ്
നിന്റെ നീ തിന്നു തീർത്തില്ലേ  . പൂച്ച പറഞ്ഞു
നിനക്ക് ഇത്രയും അഹങ്കാരമോ പൂച്ച വഞ്ചി കുലുക്കി .
തത്തമ്മ അടുത്തമരത്തിലെ കൊമ്പിൽ ചെന്നിരുന്നു
പൂച്ച  വെള്ളത്തിൽ മുങ്ങിച്ചത്തു.

# കടംകഥൾ

- അകം എല്ലം തോലും പുറം പൊന്തം പൊന്തം - വൈക്കോൽ-
  ത്തുറു.
- അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി - മുഖം.
- ജലജന്തുവായി ജനിച്ച് ഗാനകോകിലമായി മാറി - കൊതുക്.
- എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ - കുട.
- വാ കൊണ്ട് വിതച്ചത് ചെവികൊണ്ട് കൊയ്യുക -പറയലും കേൾക്കലും.
- തല മലപോലെ, തടി വടി പോലെ, കുട കിന്നരം പോലെ- തെങ്ങ്.
- ചുവന്നത് തിന്ന് കറുത്തത് തുപ്പി - തണ്ണിമത്തൻ തിന്ന് കുരു തുപ്പുക.
- കുറ്റിക്കാട്ടിൽ കരടിക്കുട്ടി - പേൻ.
- അമ്മ പരപര ,മോൾ മിനുമിനു , മോളുടെ മോൾ മണിമണി -ചക്ക , ചക്കച്ചുള, ചക്കക്കുരു.
- അമ്മ കിടക്കും , മകളുരുളും - അമ്മിയും അമ്മിക്കുഴയും.
- കുത്തുന്ന മൂരിക്ക് പിന്നിൽ കയർ - സൂചിയും നൂലും.
- ചത്തവന്റെ വയറ്റിൽ ചുട്ടവനെ കയറ്റി - ചക്ക മുറിക്കുക.

- കൊട്ടുത്തു മുടിഞ്ഞവൻ - മഹാബലി.
- കൈയ്യിൽ വടി, വായിൽ മധുരം - കരിമ്പ്.
- പുത്തൻ കലത്തിൽ ഒരരു പിടി അവൽ - ചിതൽ.
- മൂന്നവരി മൂവായിരം കടം - കൈതയോല.
- പുറം പച്ചക്കുഴൽ , അകം വെള്ളിത്തകിട്- മുള.
- ചട ചുട കൊമ്പത്തുണ്ടൊരു കുടം ചോര - ചെമ്പരത്തിപ്പൂ.
- ചട്ടിയിൽ ചട്ടി പതിനെട്ടു ചട്ടി - തെങ്ങിൻപട്ട.
- വൃണ വിരിഞ്ഞ വെള്ളരിപ്പൂക്കൾ - മലര്.

# ഫലിതങ്ങൾ

- ഇരുമ്പുകടയിൽ വന്ന ഒരാൾ:

"എലിപ്പെട്ടിയുണ്ടെങ്കിൽ ഒരെണ്ണം വേഗം എടുക്ക്

പാലാക്കുള്ള ബസു പിടിക്കാനാ."

"ക്ഷമിക്കണം സർ,അത്രവലിയ എലിപ്പെട്ടി

ഇവിടെയില്ല."

- ചെറുക്കന്റെ അച്ഛൻ പെണ്ണിന്റെ അച്ഛനോട്:

"എന്റെ മോന് രണ്ടുകുഴപ്പമേയുള്ളൂ.ഒന്ന്,വാ തുറന്നാൽ

വൃത്തികേടേ പറയൂ.രണ്ട് കൈയെടുത്താൽ

വേണ്ടാത്തതേ ചെയ്യൂ."

- ഒഫീസർ ക്ലർക്കിനോട് :

"താനെന്താടോ ഇത്ര വൈകിയത് ?"

"പെണ്ണുകെട്ടിപ്പോയി സാർ ?"

"ഉം ശരി, ശരി.... ഇനിമേൽ ഇതാവർത്തിക്കരുത്."

- അന്നു വീട്ടിലെത്തിയ ആനിമോൾ മമ്മിയെ

  കെട്ടിപ്പിടിച്ച് ഒരുമ്മകൊടുത്തു.

"എന്താ മോളേ ഇന്ന് നിനക്കിത്ര സ്നേഹം?"മമ്മി

ചോദിച്ചു.

"ഇന്നാ മമ്മി...........മമ്മീന്ന വാക്കിന്റെ അർത്ഥം ശവം എന്ന് മനസ്സലായത്."

- കുട്ടുകാർ തമ്മിൽ :

"എടാ നിനക്കൊറ്റയ്ക്ക് രാത്രിയിൽ സെമിത്തേരിയിൽ പോകാമോ?"

"ഉം പോകാമല്ലോ."

"നിനക്കതിനുള്ള ധൈര്യമില്ല."

"സംശയമുണ്ടെങ്കിൽ നീയെന്റെ കൂടെ വാ."

- നീ ഒറ്റയ്ക്കാ ഈ വലിയ മീനെപിടിച്ചേ?

ങുംഹും...... ഒരു മണ്ണിരയുണ്ടായിരുന്നു!

- റൂം ബോയ് അതിഥിയോട്:

  "സാർ ,ഞാനെപ്പോഴാണ് അങ്ങയെ ഉണർത്തേണ്ടത്?"

  "സാരമില്ല ഞാൻ പതിവായി നാലരക്ക് തന്നെ ഉണരും."അതിഥി;

  "എങ്കിൽ 5 മണിക്ക് എന്നെ ഉണർത്താമോ സാർ?"

# പഴഞ്ചൊല്ലുകൾ

- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.
- ഇക്കരെ നിന്നാൽ അക്കരെ പച്ച.
- ഉണ്ട ചോറ്റിൽ കല്ലിടരുത്.
- തന്നിഷ്ടം പൊന്നിഷ്ടം,ആരാന്റെയിഷ്ടം വിമ്മിഷ്ടം.
- കടന്നൽക്കൂട്ടിൽ കല്ലെറിയരുത്.
- നാക്കു നന്നെങ്കിൽ നാടടക്കാം
- ആർക്കാനിരുമ്പിടിക്കും അവനവന് തവിടിടിക്കുകയില്ല.
- സങ്കടേ രക്ഷിക്കുന്ന മാനുഷനല്ലോ ബന്ധു.
- എത്താത്ത മുന്തിരി പുളിക്കും.
- ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം.
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
- അമ്മായി ഉടച്ചത് മൺചട്ടി;മരുമകൾ ഉടച്ചത് പൊൻചട്ടി
- അല്ലലുള്ള പുലിയെ ചുള്ളലുള്ള കാടറിയൂ.
- അഴകുള്ള ചക്കയിൽ ചുളയില്ല.
- കന്നിനെ കയം കാണിക്കരുത്.
- കനൽകട്ടയിൽ ഉറുമ്പരിക്കുക.
- കാറ്റുള്ളപ്പോൾ പാറ്റണം.
- കുന്തം പോയാൽ കുടത്തിലും തപ്പണം.
- പതിറില്ലാത്ത കതിരില്ല.

# ചരിത്ര ക്വസ്സ്

രണ്ടാമത്തെ ബഹിരാകാശ വിനോദ സഞ്ചാരി ആര് ?

-മാർക്ക് ഷട്ടിൽ വർക്കത്ത്

ലോകവിനോദ സഞ്ചാര സംഘടനയുടെ ആസ്ഥാനം ?

-സ്പെയിനിലെ മാഡ്രിഡ്

കേരളത്തിലെ ആദ്യത്തെ ടൂറിസം ഗ്രാമം ?

- കുമ്പളങ്ങി(എറണാകുളം)

ജനാധിപത്യത്തിന്റെ ജന്മം കൊടുത്ത രാജ്യം ?

-ഗ്രീസ്

ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന രാജ്യം ?

-ചൈന

കബഡിയുടെ ജന്മനാട് ?

-ഇന്ത്യ

വേദങ്ങൾ രചിച്ചത് ?

-ആര്യന്മാർ

8. 'പഞ്ചതന്ത്രം' രചിച്ചത് ?

-വിഷ്ണുശർമ്മ

9. കോമൺവെൽത്തിന്റെ ആസ്ഥാനം ?

-ലണ്ടൻ

10. 'ജനഗണമന' ആലപിക്കാനെടുക്കേണ്ട സമയമെത്രയാണ് ?

-52 സെക്കന്റ്

11. ശിവജി ജനിച്ച വർഷം ?

-1627

12. വാഗൺ ദുരന്തം നടന്ന വർഷം ?

-1921

13. ടൈറ്റാനിക്ക് കപ്പൽ തകർന്ന വർഷം ?

-1912

14. ചോളൻമാരുടെ തലസ്ഥാനം ?

-തഞ്ചാവൂർ

15. കേരളപ്പഴമ രചിച്ചത് ?

-ഹെർമൻ ഗുണ്ടർട്ട്

16. കയ്യൂർ സമരം നടന്ന വർഷം ?

-1941

17. ക്യൂബ കണ്ടെത്തിയതാര് ?

-ക്രിസ്റ്റഫർ കൊളംബസ്

18. ജൈനമതം സ്ഥാപിച്ചതാര് ?

-മഹാവീരൻ

19. കുശാന രാജവംശത്തിന്റെ തലസ്ഥാനം ?

-പുരുഷപുരം

20. അജാതശത്രു സ്ഥാപിച്ച നഗരം ?

-പാടലീപുത്രം

# പ്രളയം

അനുഭവക്കുറിപ്പ്

2018 ഓഗസ്റ്റ് 15- ാം ദിവസമായിരുന്നു നമ്മുടെ കേരളത്തിൽ പ്രളയം വന്നത്. ആ ദിവസം നമുക്ക് മറക്കാനാവാത്ത ദുരന്തങ്ങളാണ് സംഭവിച്ചത്. എല്ലാ സാധനങ്ങളും നശിച്ചു. എന്റെ വീട്ടിലും പ്രളയം ബാധിച്ചിരുന്നു. ഞങ്ങൾക്ക് വീട്ടിൽ നിന്ന് ഇറങ്ങാൻ പറ്റാത്തവസ്ഥയായിറുന്നു. വെള്ളം കൂടികൊണ്ടിരിക്കുക-യായിരുന്നു.അതിനുശേഷം ബോട്ട് കൊണ്ടുവന്നു. എല്ലാവരെയും ബോട്ടിൽ കയറ്റി കൊണ്ടുപോയി.ഞങ്ങൾ ദുരിതാശ്വാസ ക്യാമ്പിലായിരുന്നു.ക്യാമ്പിൽ ഭക്ഷണം കുറവായിരുന്നു. രാത്രിയായിരുന്നു എന്റെ വീട്ടിൽ വെള്ളം കയറിയത്. ബന്ധുക്കളെ വിളിക്കാൻ ഫോണിൽ ചാർ ജ്ജുണ്ടായിരുന്നില്ല.

പിറ്റേന്നു ബോട്ട് വന്നു ഞങ്ങൾ അതിൽ കേറി പോയി. വ്യട്ടിലാകെ ചെളിയായിരുന്നു.വസ്തുങ്ങളും മറ്റും നശിച്ചുപോയി.

# പ്രളയം

2018 ആഗസ്റ്റ് 15 നാണ് കേരളത്തെ ഒട്ടാകെ വിറപ്പിച്ച കൊണ്ടു പ്രളയം എത്തുന്നത് . ആ പ്രളയം

ദിവസം നീണ്ടുന്നു. പ്രളയത്തിനു ശേഷം വീട്ടിലെത്തിയ ഞങ്ങൾ ഞങ്ങൾ കണ്ടത് ചെളിയും മണ്ണും മാത്രമാണ് . വീട്ടിൽ നിന്നു ചെളി ഒക്കെ ക്ലീൻ ചെയ്തു . പ്രളയ പ്രദേശങ്ങളിൽ സഹായകിറ്റുകളും ലഭിച്ചു . അതങ്ങെനെ കഴിഞ്ഞു പോയി. അതേ പോലെ തന്നെ 2019- ൽ പ്രളയവും ഉരുൾ പൊട്ടലും വന്നു . പ്രളയത്തിനേക്കാൾ ഭയാനകം ഉരുൾ പൊട്ടലായിരുന്നു . അതും അങ്ങനെ കടന്നുപ്പോയി. ആയി ഇനി ഇതു പ്പോലത്തെ ദുരവസ്ഥകൾ വരാതെ ഇരിക്കാൻ നമുക്കെല്ലാവർക്കും ദൈവത്തോടു പ്രാർത്ഥിക്കാം


THE END